പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2287 **27-10-2026-ൽ മറുപടിയ്ക്ക്**

സി-ഡിറ്റിലെ കരാർ നിയമനങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. കെ. രാമചന്ദ്രൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) സി-ഡിറ്റിൽ 34 കരാർ ജീവനക്കാർക്ക് മാത്രം ഒരു വർഷത്തേക്ക് കരാർ ദീർഘിപ്പിച്ചു നൽകുകയും മറ്റു ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതിന് അവലംബിച്ച മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ;

മറുപടി: ഉണ്ട്. പത്തു വർഷത്തിൽ കൂടുതൽ സി-ഡിറ്റിന്റെ വിവിധ ഓഫീസുകളിൽ തുടർച്ചയായി സേവനമനുഷ്ഠിച്ച 34 താൽക്കാലിക ജീവനക്കാരുടെ കരാർ 2 വർഷത്തേക്ക് കൂടി നീട്ടി നൽകുവാൻ സിഡിറ്റിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 34 കരാർ ജീവനക്കാർക്ക് Performance appraisal evaluation ഉം കൂടാതെ, 24.09.2020-ലെ GO(Ms) No.19/2020/ITD സർക്കാർ ഉത്തരവു പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ അംഗീകാരത്തിനും (Ratification) വിധേയമായി ഒരു വർഷത്തേക്ക് കൂടി കരാർ നീട്ടി നൽകിയിട്ടുണ്ട്.

(ബി) 34 കരാർ ജീവനക്കാർക്ക് കരാർ ദീർഘിപ്പിച്ചു നൽകിയ അതേ മാനദണ്ഡം പാലിക്കുന്ന മറ്റു കരാർ ജീവനക്കാർക്ക് ഒരു വർഷത്തേക്ക് കരാർ ദീർഘിപ്പിച്ചു നൽകുമോ; വ്യക്തമാക്കാമോ;

മറുപടി: പത്തു വർഷത്തിൽ കൂടുതൽ സി-ഡിറ്റിന്റെ വിവിധ ഓഫീസുകളിൽ തുടർച്ചയായി സേവനമനുഷ്ഠിച്ച 34 താൽകാലിക ജീവനക്കാരുടെ കരാറാണ് സിഡിറ്റിന്റെ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ശിപാർശയിന്മേൽ മാനുഷിക പരിഗണന നൽകിക്കൊണ്ട് ഒരു വർഷത്തേക്ക് കൂടി സർക്കാർ നീട്ടി നൽകിയത്. ഇത്തരം 172 ജീവനക്കാരിൽ 114 പേരെ 25-ാം ഗവേർണിംഗ് ബോഡിയുടെ ശിപാർശ പ്രകാരം 04-02-2021 ൽ സർക്കാർ സിഡിറ്റിൽ സ്ഥിരപ്പെടുത്തിയിരുന്നു. മറ്റു കരാർ ജീവനക്കാരുടെ സേവനകാലാവധി ഒരു വർഷം ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഇത്തരം ജീവനക്കാരിൽ പ്രൊജക്ടുമായി ബന്ധപ്പെട്ടു നിൽക്കുന്നവർ പ്രൊജക്ടിന് ആവശ്യമെങ്കിൽ തുടർന്ന് പരമാവധി ഒരു വർഷം കൂടി കരാർ നീട്ടി നൽകാറുണ്ട്.

(സി) ഒരു വർഷത്തേക്ക് കരാർ ദീർഘിപ്പിച്ചു നൽകിയ 34 പേരുടെ നിയമന രീതി, പത്രപരസ്യം നൽകിയ തീയതി, ടെസ്റ്റ്, ഇന്റർവ്യൂ എന്നിവ നടത്തിയ തീയതി തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാമോ;

മറുപടി: 34 ജീവനക്കാരുടെ ലഭ്യമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു

(ഡി) സി-ഡിറ്റിൽ കരാർ നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

മറുപടി: സി-ഡിറ്റിൽ കരാർ നിയമനങ്ങൾ നടത്തുന്നത് എക്സിക്യൂട്ടീവ് കമ്മറ്റിയുടെ അംഗീകാരത്തോടെ താൽകാലിക തസ്തികകൾ സൃഷ്ടിച്ച് പത്രപരസ്യവും വെബ് സൈറ്റ് പരസ്യവും നൽകി സിഡിറ്റ് വെബ്സൈറ്റിൽ കൂടി ഓൺലൈനായി അപേക്ഷകൾ ക്ഷണിച്ച് written test/ skill test/ group discussion/ interview എന്നിവയിൽ അതാത് തസ്തികയ്ക്ക് അനുയോജ്യമായവ നടത്തിയാണ് നിയമനം നൽകുന്നത്. ഷോർട്ട് ലിസ്റ്റ്, റാങ്ക് ലിസ്റ്റ് എന്നിവ സി-ഡിറ്റ് വെബ് സൈറ്റിൽ ലഭ്യമാണ്.

(ഇ) കരാർ നിയമനങ്ങൾക്ക് സ്കിൽ ടെസ്റ്റ്, ഇന്റർവ്യൂ എന്നിവയിൽ ഇളവ് നൽകിയ പോസ്റ്റുകൾ ഏതൊക്കെയാണ്; മറ്റെല്ലാ പോസ്റ്റുകൾക്കും സ്കിൽ ടെസ്റ്റ് നടത്തുന്നതിനായി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

മറുപടി: കരാർ നിയമനങ്ങൾക്ക് സ്കിൽ ടെസ്റ്റ്, ഇന്റർവ്യൂ എന്നിവയിൽ ഇളവ് നൽകിക്കൊണ്ട് ഉത്തരവുകൾ ഒന്നും തന്നെ നിലവിലില്ല. എന്നാൽ നിയമനാധികാരിയായ ഡയറക്ടർ ആണ് ഓരോ തസ്തികകളുടെയും ലെവൽ, സ്വഭാവം, അപേക്ഷകരുടെ എണ്ണം തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് സെലക്ഷൻ മാനദണ്ഡങ്ങൾ തീരുമാനിക്കുന്നത്.

(എഫ്) സ്കിൽ ടെസ്റ്റ് നടക്കുമ്പോൾ അതിന്റെ ഭാഗമായി ഓരോ ഉദ്യോഗാർത്ഥിയും ചെയ്യുന്ന അല്ലെങ്കിൽ സൃഷ്ടിക്കുന്ന സോഴ്സ് കോഡ്, ടെക്നിക്കൽ ഔട്ട്പുട്ടുകൾ തുടങ്ങിയവ എത്രനാൾ സൂക്ഷിച്ചുവെക്കും; അവയുടെ പരിശോധനയ്ക്കുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

മറുപടി: വിവരം ശേഖരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ